**ഉജ്ജീവൻ സ്മോൾ ഫിനാൻസ് ബാങ്ക്**
പടുത്തുയർത്തൂ നല്ലൊരു ജീവിതം

# ഗോൾഡ് ലോൺ അപേക്ഷാ ഫോറം

(CIN: L65110KA2016PLC142162)

താഴെ വിശദാംശങ്ങൾ നൽകിയിരിക്കുന്ന പ്രകാരം, എന്റെ ഉടമസ്ഥതയിലുള്ള സ്വർണ്ണാഭരണങ്ങളുടെ പണയത്തിന്മേൽ ലോൺ അനുവദിക്കണമെന്ന് ഞാൻ ഉജ്ജീവൻ സ്മോൾ ഫൈനാൻസ് ബാങ്ക് ലിമിറ്റഡിനോട് ("ബാങ്ക്") അഭ്യർത്ഥിക്കുന്നു

കസ്റ്റമർ ഫോട്ടോ

| | | |
|---|---|---|
| തീയതി: | ബ്രാഞ്ചിന്റെ പേര്: | റഫറൽ സ്റ്റാഫ് Id: |
| CIF Id: | കസ്റ്റമർ ടൈപ്പ്: നിലവിലുള്ളത്/ പുതിയത് | അപേക്ഷകന്റെ പേര്: |

**വ്യക്തിഗത വിശദാംശങ്ങൾ:**

| | | |
|---|---|---|
| അച്ഛന്റെ പേര്: | അമ്മയുടെ പേര്: | അമ്മയുടെ പേര്: |
| ലിംഗഭേദം: | വൈവാഹിക സ്ഥിതി: | ജീവിത പങ്കാളിയുടെ പേര്: |
| സ്ഥിരം വിലാസം: | | |
| നിലവിലെ വിലാസം: | | |

**KYC വിശദാംശങ്ങൾ:**

| | | | |
|---|---|---|---|
| PAN: | | CKYC നമ്പർ: | |
| | ഐഡന്റിറ്റി പ്രൂഫ് | സ്ഥിരം വിലാസത്തിന്റെ പ്രൂഫ് | നിലവിലെ വിലാസത്തിന്റെ പ്രൂഫ് |
| ഡോക്യുമെന്റിന്റെ പേര് | | | |
| ഡോക്യുമെന്റ് നം. | | | |
| കാലഹരണ തീയതി | | | |

**കസ്റ്റമർ പ്രൊഫൈൽ:**

| | | |
|---|---|---|
| തൊഴിൽ: | മതം: | കാറ്റഗറി: |
| വിദ്യാഭ്യാസ യോഗ്യത: | വരുമാനം (പ്രതിവർഷം): | രാഷ്ട്രീയ രംഗത്തുള്ള വ്യക്തി: |

**ലോൺ വിശദാംശങ്ങൾ:**

| | | | |
|---|---|---|---|
| ലോൺ തുക: | ലോൺ കാലാവധി: | പലിശ നിരക്ക്: | പുതുക്കൽ രീതി: |
| പ്രോസസിംഗ് ഫീസ്: | പ്രീ-ക്ലോഷർ ചാർജ്ജുകൾ: | പിഴൽ ചാർജ്ജുകൾ: | സ്റ്റാമ്പ് ഡ്യൂട്ടി: |
| മടങ്ങിയതിന്റെ ചാർജ്ജുകൾ: | വാല്യുവേഷൻ ചാർജ്ജുകൾ: | വിതരണ രീതി: | റീപേമെന്റ് രീതി: |
| ബാങ്ക് അക്കൗണ്ട് നമ്പർ: | ബാങ്കിന്റെ പേര്: | അക്കൗണ്ട് ഉടമയുടെ പേര്: | ലോൺ ഉദ്ദേശ്യം: |
| *കാർഷിക ഉദ്ദേശ്യത്തിന് | ഭൂ വിസ്തീർണം (ഏക്കറിൽ) | പാട്ട നം. / ഖസ്ര നം. (ഓപ്ഷണൽ) | |
| *അനുബന്ധ കാർഷിക ഉദ്ദേശ്യത്തിന് | കാറ്റഗറി | സബ് കാറ്റഗറി | |

**നോമിനേഷൻ വിശദാംശങ്ങൾ:** താഴെപ്പറയുന്ന വ്യക്തിയെ ഞാൻ നോമിനേറ്റ് ചെയ്യുന്നു, എനിക്ക് മരണം സംഭവിച്ചാൽ, ഈടായി പണയം വെച്ചിരിക്കുന്നതും, ബാങ്കിന്റെ കസ്റ്റഡിയിൽ ഇരിക്കുന്നതുമായ സ്വർണ്ണം, ലോണിന് കീഴിൽ അടയ്ക്കാനുള്ള മുഴുവൻ തുകയും അടക്കുകയും, ബാങ്ക് ആവശ്യപ്പെടുന്ന ഡോക്യുമെന്റുകൾ സമർപ്പിക്കുകയും ചെയ്യുമ്പോൾ, ഇയാൾക്ക് തിരികെ നൽകാവുന്നതാണ്.

| | | | |
|---|---|---|---|
| നോമിനിയുടെ പേര്: | നോമിനിയുടെ DOB: | ഞാനുമായുള്ള ബന്ധം (ഉണ്ടെങ്കിൽ): | |
| നോമിനിയുടെ വിലാസം: | | | |
| രക്ഷിതാവിന്റെ പേര്: | മൈനറിന് രക്ഷിതാവുമായുള്ള ബന്ധം (ഉണ്ടെങ്കിൽ): | രക്ഷിതാവിന്റെ വിലാസം: | |
| നോമിനിയുടെ വിലാസം: | | തീയതി: | സ്ഥലം: |

(*നോമിനി മൈനർ ആണെങ്കിൽ പൂരിപ്പിക്കുക: ഈ തീയതിയിൽ നോമിനി മൈനർ ആയതിനാൽ ഞാൻ നിയമിക്കുന്നു (രക്ഷിതാവ്))

ഈ നോമിനേഷൻ, ഞാൻ നടത്തിയ മറ്റ് പ്രസ്താവനകളെ, അത് സാക്ഷ്യപരമാണെങ്കിലും അല്ലെങ്കിലും മറികടക്കുന്നുവെന്നും, പണയം വെച്ചിരിക്കുന്ന, ബാങ്കിന്റെ കസ്റ്റഡിയിലുള്ള ഗോൾഡ് സെക്യൂരിറ്റി, മറ്റെല്ലാവരും ഒഴികെ, ബാങ്കിന് മുഴുവൻ കുടിശികയും അടച്ചതിന് ശേഷം ഏറ്റുവാങ്ങാൻ അവകാശം ഉണ്ടായിരിക്കുമെന്നും ഞാൻ സ്ഥിരീകരിക്കുന്നു. അങ്ങനെ തിരിച്ച് നൽകിയാൽ ബാങ്ക് അത് വിട്ടുകൊടുത്തെന്നും ഡിസ്ച്ചാർജ്ജ് ചെയ്തെന്നും ഞാൻ സ്ഥിരീകരിക്കുന്നു.

| | | |
|---|---|---|
| **കസ്റ്റമറിന്റെ ഒപ്പ്/വിരലടയാളം** | **സാക്ഷി 1** (വിരലടയാളം പതിപ്പിച്ചെങ്കിൽ **ഒപ്പ്:** | **സാക്ഷി 2** (വിരലടയാളം പതിപ്പിച്ചെങ്കിൽ) |
| | **പേര്:** | **പേര്:** |
| | **അഡ്രസ്:** | **അഡ്രസ്:** |

അപേക്ഷിച്ച ലോൺ പ്രോസസ് ചെയ്യുന്നതിനായി ഈ ഡോക്യുമെന്റിൽ നൽകിയിട്ടുള്ള വിവരങ്ങൾക്ക്/ ഡാറ്റക്ക് പുറമെ, ബാങ്കിന്റെ റിക്കോർഡുകളിൽ/ഡൊമെയ്നിൽ ഇതിനകം ലഭ്യമായിട്ടുള്ള എന്റെ വിശദാംശങ്ങളും/ ക്രെഡൻഷ്യലുകളും/ വിവരങ്ങളും

Version_January 24

വിനിയോഗിക്കാവുന്നതാണ്. ബാങ്കിന് ഇതിനകം സമർപ്പിച്ച വിശദാംശങ്ങളിൽ/ ക്രെഡൻഷ്യലുകളിൽ/ വിവരങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയാൽ/ മാറ്റം ഉണ്ടായാൽ വേറെ ഫോറത്തിലോ, ബാങ്ക് നിർദ്ദേശിക്കുന്ന മറ്റ് രീതികളിലോ ബാങ്കിന് അപ്ഡേറ്റ് ചെയ്ത വിവരങ്ങൾ/ ഡാറ്റ സമർപ്പിക്കുമെന്ന് ഞാൻ ഏൽക്കുന്നു. (T&C യിൽ ഉൾപ്പെടുത്താം)

**ഡിക്ലറേഷനുകൾ -കം- നിബന്ധന, വ്യവസ്ഥകൾ:**

ഞാൻ ഇതിനാൽ താഴെപ്പറയുന്നവ ഉറപ്പിക്കുകയും, പ്രഖ്യാപിക്കുകയും, പ്രസ്താവിക്കുകയും, അധികാരപ്പെടുത്തുകയും, ഏൽക്കുകയും, സമ്മതിക്കുകയും ചെയ്യുന്നു:

1) ഈ ഡിക്ലറേഷനുകളും നിബന്ധന, വ്യവസ്ഥകളും **("T&C")** ആണ് ഞാനും ഉജ്ജീവൻ സ്മോൾ ഫൈനാൻസ് ബാങ്ക് ലിമിറ്റഡ് (CIN: L65110KA2016PLC142162) **("ബാങ്ക്")** ഉം തമ്മിലുള്ള കരാർ രൂപപ്പെടുത്തുന്നത്.

2) ലോണിന് (പരിധി കൂട്ടൽ, കുറയ്ക്കൽ അല്ലെങ്കിൽ നിലവിലെ ലോണിന്റെ നൽകൽ എന്നിവ ലോൺ എന്ന സംജ്ഞയിൽ ഉൾപ്പെടും) അപേക്ഷിക്കുമ്പോൾ, സാങ്ഷൻ ലെറ്ററിൽ/ പിന്നീട് നൽകുന്ന കമ്യൂണിക്കേഷനിൽ പറയുന്ന അഗ്രഗേറ്റിൽ കവിയാതെയുള്ള തുക എടുക്കുമ്പോൾ/ അല്ലെങ്കിൽ തുടർന്ന് വിനിയോഗിക്കുമ്പോൾ ഞാനും, എന്റെ നിയമപരമായ പ്രതിനിധികൾ, എക്സിക്യൂട്ടർമാർ, അഡ്മിനിസ്ട്രേറ്റർമാർ, പിൻഗാമികൾ എന്നിവരും ലോണിനെ നിയന്ത്രിക്കുന്ന T&C ചാർജ്ജുകൾ, ഫീസ്, ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റ് (www.ujjivansfb.in) **("വെബ്സൈറ്റ്")** ൽ/അല്ലെങ്കിൽ ഏതെങ്കിലും ബ്രാഞ്ചിൽ പ്രസിദ്ധപ്പെടുത്തുന്നതും, ബാങ്ക് കാലാകാലങ്ങളിൽ അതിൽ വരുത്തുന്നതുമായ മാറ്റങ്ങൾ, പരിഷ്ക്കാരങ്ങൾ, ഭേദഗതികൾ പാലിക്കുമെന്നും ബാധ്യസ്ഥമായിരിക്കുമെന്നും ഞാൻ സമ്മതിക്കുന്നു.

3) ലോൺ അനുവദിക്കുന്നത് ബാങ്കിന്റെ ഏക വിവേചനാധികാരത്തിൽ ആയിരിക്കുമെന്നും, കാരണമൊന്നും ബോധിപ്പിക്കാതെ ബാങ്കിന് ലോൺ അപേക്ഷ നിരസിക്കാമെന്നും, എനിക്ക് കൂടുതലായി വരുന്ന വായ്പ്പാ ആവശ്യങ്ങൾക്ക് ഫൈനാൻസ് ചെയ്യാൻ ബാങ്കിന് ബാധ്യതയില്ലെന്നും എനിക്ക് അറിയാം, അത് അംഗീകരിക്കുകയും ചെയ്യുന്നു.

4) സാങ്ഷൻ ചെയ്യുന്ന ലോൺ, എന്റെ ഉടമസ്ഥതയിലുള്ള സ്വർണ്ണാഭരണങ്ങൾ **("ഗോൾഡ് സെക്യൂരിറ്റി")** പണയം വെച്ചിരിക്കുന്ന ബാധകമായ നിബന്ധനകളും വ്യവസ്ഥകളും പാലിച്ചാണ് ഞാൻ എടുക്കുക. ഗോൾഡ് സെക്യൂരിറ്റിയുടെ **("വാല്യുവേഷൻ റിപ്പോർട്ട്")** കാര്യത്തിൽ മൂല്യം, ക്വാളിറ്റി, പരിശുദ്ധി എന്നീ കാര്യങ്ങളിൽ വിദഗ്ധർ അല്ലെങ്കിൽ വാല്യൂവർ, അല്ലെങ്കിൽ അസ്സേയർ എന്നിവരുടെ സേവനങ്ങൾ എന്റെ ചെലവിൽ ഉപയോഗപ്പെടുത്താനും,അവരുടെ ഉപദേശത്തെ ആശ്രയിക്കാനും, അന്തിമവും എനിക്ക് ബാധ്യസ്ഥവുമായ ലോൺ തുകയിൽ എത്തിച്ചേരാനും ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. ചില പരിധിയിൽ കൂടിയ ലോണുകളുമായി ബന്ധപ്പെട്ട് ഒന്നിലധികം വിദഗ്ധർ അല്ലെങ്കിൽ വാല്യൂവർ, അല്ലെങ്കിൽ അസ്സേയർ എന്നിവരിൽ നിന്ന് വാല്യുവേഷൻ റിപ്പോർട്ട് വാങ്ങാൻ ബാങ്കിനെ അനുവദിക്കുന്നു.

5) ബാങ്കിൽ സീൽ ചെയ്ത പായ്ക്കറ്റിൽ ഗോൾഡ് സെക്യൂരിറ്റി ഡിപ്പോസിറ്റ് ചെയ്ത് ബാങ്കിന്റെ പേരിൽ പണയം വെച്ച് ഞാൻ പ്രഥമവും പ്രത്യേകവുമായ ചാർജ്ജ് സൃഷ്ടിക്കും, ലോൺ നിലവിൽ ഉള്ളിടത്തോളം കാലം അത് ബാങ്കിൽ സൂക്ഷിക്കുന്നതാണ്. വായ്പ്പക്കാരനായോ, ജാമ്യമായോ, കോ-ഒബ്ലിഗേറ്ററായോ ബാങ്കിൽ എനിക്കുള്ള മറ്റേതെങ്കിലും ബാധ്യത ഉൾപ്പെടെ, ഇപ്പോഴോ ഭാവിയിലോ ഉള്ള ഏതെങ്കിലും അക്കൗണ്ടിൽ, ബാങ്കിന് ഞാൻ കുടിശക വരുത്തുന്ന, അടയ്ക്കേണ്ടതായ മറ്റെല്ലാം തുകകൾക്കും ഗോൾഡ് സെക്യൂരിറ്റി ഈടായിരിക്കും. ഗോൾഡ് സെക്യൂരിറ്റിക്കുമേൽ ആരെങ്കിലും ഉന്നയിക്കുന്ന ചാർജ്ജ്, ലിയൻ, അല്ലെങ്കിൽ അവകാശം ബാങ്കിന് അംഗീകരിക്കേണ്ട കാര്യമില്ല. ഗോൾഡ് സെക്യൂരിറ്റി ബാങ്ക് സ്വീകരിച്ചതുകൊണ്ട് മാത്രം ബാങ്ക് അതിന്റെ പരിശുദ്ധിയോ സ്രോതസ്സോ ഉടമസ്ഥതയോ സ്ഥിരീകരിക്കുകയോ അംഗീകരിക്കുകയോ ചെയ്തെന്ന് അർത്ഥമില്ല. ബാങ്കിന് ഞാൻ അടയ്ക്കേണ്ട മുഴുവൻ കുടിശികയും അടച്ചു തീർക്കാതെ ഗോൾഡ് സെക്യൂരിറ്റി വിട്ടുതരാൻ ഞാൻ ആവശ്യപ്പെടില്ല. ഗോൾഡ് സെക്യൂരിറ്റി ഭാഗികമായി വിട്ടുതരണമെന്ന് ആവശ്പ്പെടാൻ എനിക്ക് അവകാശമില്ലെന്ന് എനിക്ക് അറിയാം.

6) വിതരണം ചെയ്ത ലോൺ തുക അപേക്ഷിച്ച തുകയിലും കുറവാണെന്ന ഏക കാരണത്താൽ എന്റെ കടമകളോട് ഞാൻ എതിർപ്പ് അല്ലെങ്കിൽ ഒഴിവാക്കണമെന്ന ക്ലെയിം ഉന്നയിക്കില്ല.ഞാൻ ബാധകമായ നിബന്ധനകളും വ്യവസ്ഥകളും പാലിക്കാതിരുന്നാൽ, സാങ്ഷൻ ചെയ്താലും ബാങ്ക് ലോൺ വിതരണം ചെയ്യണമെന്നില്ല/ അല്ലെങ്കിൽ വിതരണം പരിമിതപ്പെടുത്തിയെന്നു വരും. ബാങ്കിന്റെ വിവേചനാധികാരത്തിൽ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തോ, അനുവദനീയമായ മറ്റ് മാർഗ്ഗത്തിലോ ലോൺ വിതരണം ചെയ്യാവുന്നതാണ്.

7) അപേക്ഷിച്ച ഉദ്ദേശ്യത്തിന് മാത്രമാണ് ഞാൻ ലോൺ വിനിയോഗിക്കുക. കാർഷിക, അനുബന്ധ ഉദ്ദേശ്യങ്ങൾക്കാണ് ലോൺ എടുത്തതെങ്കിൽ, ഞാൻ കാർഷിക/ അനുബന്ധ പ്രവർത്തനങ്ങൾ നടത്തുന്ന കാര്യം തെളിയിക്കുന്ന, ബാങ്ക് നിഷ്ക്കർഷിക്കുന്ന, ഉപോൽബലകമായ ഡോക്യുമെന്റുകൾ ഞാൻ ബാങ്കിന് സമർപ്പിക്കുന്നതാണ്.

8) നിലവിലെ ലോണിന്റെ പരിധി കൂട്ടാനോ കുറയ്ക്കാനോ അല്ലെങ്കിൽ വിട്ടുതരാനോ ഞാൻ ആവശ്യപ്പെടുന്നുണ്ടെങ്കിൽ, നിലവിലെ ലോണിന് കീഴിലുള്ള കുടിശിക (ഉണ്ടെങ്കിൽ) ഞാൻ സ്വന്തം ഫണ്ടിൽ നിന്ന് അഥവാ സ്വന്തം സ്രോതസ്സിൽ നിന്ന് തിരിച്ചടയ്ക്കേണ്ടതാണ്.

9) നിലവിലെ ലോൺ പരിധി കൂട്ടാനോ കുറയ്ക്കാനോ വിട്ടുതരാനോ ബാങ്ക് സമ്മതിച്ചാൽ, അതാത് കാലത്ത് ഭേദഗതി വരുത്തിയ, പുനഃപ്രസ്താവിച്ച, സപ്ലിമെന്റ് ചെയ്ത/ അഥവാ പരിഷ്ക്കരിച്ച ടി&സി-ക്ക് വിധേയമായി ഞാൻ ലോൺ റീപേ/ അമോർട്ടൈസ് ചെയ്യുന്നതാണ്. മാത്രമല്ല, പരിധി കൂട്ടുകയോ കുറയ്ക്കുകയോ അല്ലെങ്കിൽ വിട്ടുതരികയോ ചെയ്ത പ്രകാരം ഗോൾഡ് സെക്യൂരിറ്റി ലോണിനുള്ള സെക്യൂരിറ്റി/ തുടർ സെക്യൂരിറ്റി ആയി തുടരുകയും ചെയ്യുന്നതാണ്.

10) ബാങ്കിന്, സാങ്ഷൻ ലെറ്റർ നൽകിയ ശേഷം ഏത് ഘട്ടത്തിലും, അതിന്റെ ഏക വിവേചനാധികാരത്തിൽ (കാരണമൊന്നും ബോധിപ്പിക്കാതെ) ലോൺ പിൻവലിക്കുകയോ/ അല്ലെങ്കിൽ റദ്ദാക്കുകയോ ചെയ്യാവുന്നതാണ്.

11) സാങ്ഷൻ ലെറ്ററിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പ്രകാരം പലിശയും ചാർജ്ജുകളും / ചെലവുകളും ചേർത്ത് ലോൺ തിരിച്ചടയ്ക്കേണ്ടതാണ്.(ii) റീപേമെന്റിനുള്ള കൃത്യ തീയതി ഒരു പൊതു അവധി ദിവസത്തിൽ (രണ്ടാം ശനി, നാലാം ശനി, ഞായർ, അല്ലെങ്കിൽ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ്സ് ആക്ട്, 1881 (1881 ലെ 26) സെക്ഷൻ 25 പ്രകാരമുള്ള ഒരു പൊതു അവധി, അതാത് ക്ലിയറിംഗ് ഹൗസിൽ, അല്ലെങ്കിൽ ലോൺ അക്കൗണ്ട് ഉള്ള ബാങ്കിന്റെ സ്ഥലത്ത് പ്രവർത്തനത്തിനായി ബാങ്ക് തുറക്കാത്ത ദിവസങ്ങളിൽ) ആണ് വരുന്നതെങ്കിൽ റീപേമെന്റ് തുടർന്നുള്ള പ്രവൃത്തി ദിവസത്തിൽ (അതായത്, ലോൺ അക്കൗണ്ട് നിലനിർത്തുന്ന ലൊക്കേഷനിൽ ബിസിനസിനായി ബാങ്കും ബാങ്കുകളും തുറക്കുന്ന പൊതു അവധിയല്ലാത്ത ദിവസം) നടത്തേണ്ടതാണ്.(iii) വരവ് വെച്ച ശേഷം, വരവ് വെച്ചു കഴിഞ്ഞ് വരുന്ന കൃത്യ തീയതിയിൽ മാത്രം പേമെന്റിന് ക്രെഡിറ്റ് നൽകാൻ (അത് ലഭിച്ച രീതി ഏതായിരുന്നാലും) ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു, ബാങ്കിന് അതിന്റെ ഫലമായി എന്തെങ്കിലും നഷ്ടം സംഭവിച്ചാൽ ഞാൻ നികത്തുന്നതാണ്.

12) ലോണിന് അടയ്ക്കേണ്ട പലിശ ബാങ്കിന്റെ പ്രാബല്യത്തിലുള്ള നയമനുസരിച്ചാണ് കണക്കാക്കുകയെന്നും, യഥാർത്ഥ പലിശ നിരക്ക് ബാങ്ക് തീരുമാനിക്കുന്ന പ്രകാരം ഒന്നുകിൽ മാർജിനൽ കോസ്റ്റ് ഓഫ് ഫണ്ട്-ബേസ്ഡ് ലെൻഡിംഗ് റേറ്റ് ("MCLR") ന്റെ അല്ലെങ്കിൽ എക്സ്റ്റേണൽ ബെഞ്ച്മാർക്ക് ലെൻഡിംഗ് റേറ്റ് ("EBLR") ന്റെ കമ്പോണന്റ് ആയിരിക്കും,ഒപ്പം ബാധകമായ സ്പ്രെഡ് (അതായത്, ഓരോ വായ്പ്പക്കാരന്റെയും റിസ്ക്ക് വെയ്റ്റേജ് അടിസ്ഥാനമാക്കി, ബാങ്ക് നിർണയിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/നയങ്ങൾ പ്രകാരം ബാങ്ക് എത്തിച്ചേരുന്ന സ്പ്രെഡ്, മാത്രമല്ല, എല്ലാ വായ്പ്പക്കാർക്കും സ്പ്രെഡ് ഒരുപോലെ ആകണമെന്നില്ല), യഥാർത്ഥ പലിശ നിരക്ക് സ്പ്രെഡിന്റെ കമ്പോണന്റുകൾ MCLR അല്ലെങ്കിൽ EBLR മായി കൂട്ടിയാണ് നിർണയിക്കുന്നത്.

13) ഞാൻ ലോണിന് കീഴിൽ തിരിച്ചടവ് മുടക്കുകയോ വൈകിക്കുകയോ ചെയ്താൽ, ബാങ്ക് നിർണയിക്കുന്ന ലേറ്റ് പേമെന്റ് ചാർജ്ജ്/ പീനൽ ചാർജ്ജ്, മറ്റ് ചാർജ്ജുകൾ എന്നിവ ഞാൻ അടയ്ക്കുന്നതാണ്. ലോൺ എടുക്കുന്നില്ലെന്ന് ഞാൻ തീരുമാനിച്ചാലും നോൺ-റീഫണ്ടബിളായ പ്രോസസിംഗ് ഫീസ് അടയ്ക്കും. ബാധകമായ ഡോക്യുമെന്റേഷൻ ചാർജ്ജുകൾ, സ്റ്റാമ്പ് ഡ്യൂട്ടി, ചെക്ക്/ACH/SI റിട്ടേൺ ചാർജ്ജുകൾ എന്നിവയും, സാങ്ഷൻ ലെറ്ററിൽ പറഞ്ഞിട്ടുള്ള മറ്റ് ചാർജ്ജുകളും ഞാൻ അടയ്ക്കുന്നതാണ്. ഗോൾഡ് സെക്യൂരിറ്റിയുടെ മൂല്യത്തിലുണ്ടാകുന്ന ഇടിവ് മൂലം മാർജിൻ/ ലോണും മൂല്യവും തമ്മിലുള്ള അനുപാതത്തിലെ പോരായ്മ നികത്താൻ എന്റെ ഏതെങ്കിലും അക്കൗണ്ട് ഡെബിറ്റ് ചെയ്യാൻ ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു.

14) ഗോൾഡ് സെക്യൂരിറ്റി കിട്ടിയത് അംഗീകരിച്ച് ബാങ്ക് രസീത് നൽകുകയും, അതിന് ശേഷം രസീത് നഷ്ടപ്പെടുകയോ/ ഉപയോഗശൂന്യമാണെന്ന് കാണുകയോ ചെയ്താൽ, ബാങ്ക് ആവശ്യപ്പെടുന്ന ഇൻഡംനിറ്റിയും/ മറ്റ് ഡോക്യുമെന്റുകളും സമർപ്പിക്കുന്നതിന് പുറമെ, ബാങ്ക് നിശ്ചയിക്കുന്ന ചാർജ്ജുകൾ അടയ്ക്കുകയും ചെയ്യാതെ, ഡ്യൂപ്ലിക്കേറ്റ് രസീത് നൽകാനോ ഗോൾഡ് സെക്യൂരിറ്റി വിട്ടുതരാനോ ബാങ്കിന് ബാധ്യത ഉണ്ടായിരിക്കില്ല.

15) ഭാഗിക പേമെന്റ്/ അല്ലെങ്കിൽ പ്രീ-ക്ലോഷർ അംഗീകരിക്കുന്നത് ബാങ്കിന്റെ പൂർണ്ണ വിവേചനാധികാരത്തിൽ ആയിരിക്കുമെന്ന് എനിക്കറിയാം, ബാങ്ക് അതാത് കാലത്ത് നിശ്ചയിക്കുന്ന അധിക നിബന്ധന, വ്യവസ്ഥകളും എനിക്ക് ബാധ്യസ്ഥമായിരിക്കും.

16) ഞാൻ നിരന്തര അടിസ്ഥാനത്തിൽ പ്രസ്താവിക്കുകയും ഉറപ്പ് നൽകുകയും ചെയ്യുന്നു, അതായത്:(i) ലോണിന്റെ കാലയളവിൽ മുഴുവനും മാർജിൻ/ ലോണും മൂല്യവും തമ്മിലുള്ള അനുപാതം ഞാൻ നിലനിർത്തും, അത് താഴ്ന്നാൽ ബാങ്കിന് തൃപ്തിയാകുന്ന വിധം അഡീഷണൽ സെക്യൂരിറ്റി ഞാൻ നൽകുന്നതാണ്, അതല്ലെങ്കിൽ ബാങ്ക് പുറപ്പെടുവിക്കുന്ന നിർദ്ദേശം പാലിക്കും. (ii) ഞാൻ ഇന്ത്യൻ പൗരനാണ്, (iii) ലോണിന് കീഴിലെ ബാധ്യതകൾ നിറവേറ്റുന്നുവെന്നും പാലിക്കുന്നുവെന്നും ഉറപ്പ് വരുത്താനുള്ള എല്ലാ കാര്യങ്ങളും ഞാൻ ചെയ്തിട്ടുണ്ട്, എല്ലാ അധികാരപ്പെടുത്തലും ടത്തിയിട്ടുണ്ട്, (iv) എനിക്കോ എന്റെ ആസ്തികൾക്കോ എതിരെ സിവിലായോ ക്രിമിനലായോ യാതൊരു നടപടിയും പൂർത്തിയാക്കുകയോ, എടുക്കുകയോ, തീർപ്പാകാതെ കിടക്കുകയോ, എടുക്കുമെന്ന് ഭീഷണിപ്പെടുത്തുകയോ ചെയ്തിട്ടില്ല, (v) രേഖാമൂലം വെളിപ്പെടുത്തിയവ ഒഴികെ, ഞാൻ ഈ ബാങ്കിന്റെ അല്ലെങ്കിൽ മറ്റേതെങ്കിലും ബാങ്കിന്റെ ഡയറക്ടറോ ഡയറക്ടറിന്റെ ബന്ധുവോ , ബാങ്കിന്റെ സീനിയർ ഉദ്യോഗസ്ഥനോ സീനിയർ ഉദ്യോഗസ്ഥന്റെ ബന്ധുവോ അല്ല, ഞാൻ നടത്തിവരുന്ന പ്രവർത്തനങ്ങളിൽ ബാങ്കിന്റെ ഏതെങ്കിലും ഡയറക്ടർക്കോ, ജീവനക്കാരനോ, അഥവാ സീനിയർ ഉദ്യോഗസ്ഥനോ കാര്യമായ യാതൊരു താൽപ്പര്യവും ഇല്ല. മാത്രമല്ല, ഞാൻ ഈ ബാങ്ക്/ മറ്റ് ബാങ്കുകൾ രൂപീകരിച്ച സബ്സിഡിയറികൾ/ മ്യൂചൽ ഫണ്ടുകളുടെ ട്രസ്റ്റികൾ/ വെഞ്ചർ ക്യാപ്പിറ്റൽ ഫണ്ടുകൾ എന്നിവയുടെ ഡയറക്ടറുടെ ബന്ധുവല്ല, (vi) ഞാൻ ഒരു ഡിഫോൾട്ടർ/മനഃപ്പൂർവ്വമുള്ള ഡിഫോൾട്ടർ അല്ല, ഡിഫോൾട്ടർ/മനഃപ്പൂർവ്വമുള്ള ഡിഫോൾട്ടർ ആയി പ്രഖ്യാപിക്കാനുള്ള നടപടികൾ നേരിടുന്നില്ല, എന്നെ മനഃപ്പൂർവ്വമുള്ള ഡിഫോൾട്ടറായി പ്രഖ്യാപിക്കാൻ ലെൻഡർ നടപടി എടുക്കുകയോ അതിന് ഭീഷണിപ്പെടുത്തുകയോ ചെയ്താൽ, എനിക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കാൻ ബാങ്കിന് അവകാശം ഉണ്ടായിരിക്കും, (vii) ലോണിന്റെ അന്തിമ ഉപയോഗവുമായി ബന്ധപ്പെട്ട് ബാങ്ക് നിർദ്ദേശിക്കുന്ന ഫോമിൽ, വിധത്തിഷ രീതിയിൽ ഞാൻ ബാങ്കിന് ഒരു സർട്ടിഫിക്കേഷൻ സമർപ്പിക്കുന്നതാണ്, ആ സർട്ടിഫിക്കേഷൻ വ്യാജമാണെന്ന് കണ്ടാൽ എനിക്കെതിരെ ബാങ്കിന് ഉചിതമായ നടപടികൾ (ക്രിമിനൽ നടപടി ഉൾപ്പെടെ) എടുക്കാനുള്ള അവകാശം ഉണടായിരിക്കും, (viii) ലോൺ എടുത്തിരിക്കുന്നതിന്റെ ഉദ്ദേശ്യം നിയമവിരുദ്ധമോ, സാങ്കൽപ്പികമോ, ഹീനമോ അല്ല, (ix) ഡിപ്പോസിറ്റ് ചെയ്യാൻ ഉദ്ദേശിക്കുന്ന ഗോൾഡ് സെക്യൂരിറ്റി ഞാൻ ന്യായമായ സ്രോതസ്സിലൂടെ വാങ്ങിയതാണ്, എന്റെ ഉത്തമ ബോധ്യത്തിലുള്ള പ്രോപ്പർട്ടിയും അതിലുള്ള എന്റെ ഉടമസ്ഥതയും ഏതെങ്കിലും വ്യക്തിയുടെ മോഷണത്തിനോ, തകരാറിനോ, ഏതെങ്കിലും തരത്തിലുള്ള വെല്ലുവിളിക്കോ വിധേയമായ വിഷയമല്ല, അതിനുമേൽ ഒരു വ്യക്തിക്കും ക്ലെയിമോ ലിയനോ, ചാർജ്ജോ ഇല്ല, (x) ഗോൾഡ് സെക്യൂരിറ്റി പെൻഡിംഗിലുള്ളതോ, ഭീഷണിപ്പെടുത്തുന്നതോ ആയ അന്വേഷണത്തിന് വിധേയായ വിഷയവുമല്ല.

17) ഇപ്പറയുന്നവയിൽ ഏതെങ്കിലും ഒന്ന് സംഭവിക്കുന്നത് വീഴ്ച്ചയുടെ ഇവന്റ് **("വീഴ്ച്ചയുടെ ഇവന്റ്")** ആകുന്നതാണ്: (i) ലോണിന് കീഴിലുള്ള തുകകൾ കൃത്യ തീയതിയിൽ/ മെച്യൂരിറ്റിയിൽ അടയ്ക്കാതിരിക്കുക, (ii) കൃത്യ തീയതിക്ക് മുമ്പ് ACH/SI പുതുക്കാതിരിക്കുക, (iii) ഏതെങ്കിലും T&C ലംഘിക്കുക, (iv) ബാങ്കിന് സമർപ്പിച്ച വിവരങ്ങൾ/പ്രസ്താവനകൾ/പ്രഖ്യാപനങ്ങൾ തെറ്റാണെന്ന്, തെറ്റിദ്ധരിപ്പിക്കുന്നതാണെന്ന്, അസത്യമാണെന്ന് കണ്ടെത്തുന്നത്, (v) ലോൺ ഡോക്യുമെന്റുകൾക്ക് കീഴിലും അല്ലാതെയും ഞാൻ ഈ ബാങ്കുമായി/ അല്ലെങ്കിൽ ഏതെങ്കിലും ബാങ്കുമായി/ അല്ലെങ്കിൽ ധനകാര്യ സ്ഥാപനവുമായി / അല്ലെങ്കിൽ മറ്റ് ക്രെഡിറ്റേഴ്സുമായി ഏർപ്പെട്ടിരിക്കുന്ന ഏതെങ്കിലും വായ്പ്പാ സഹായത്തിന് കീഴിൽ വരുന്ന ഒരു വീഴ്ച്ച, (vi) എന്നെ പാപ്പരായോ മനഃപ്പൂർവ്വമുള്ള ഡിഫോൾട്ടറായോ പ്രഖ്യാപിക്കാനുള്ള നടപടി എടുക്കുക, അല്ലെങ്കിൽ അതിന് ഭീഷണി മുഴക്കുക, അല്ലെങ്കിൽ അക്കാര്യത്തിൽ എനിക്കെതിരെ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിക്കുക, (vii) എന്റെ മരണം, പാപ്പരത്തം, ബിസിനസ് പരാജയം, അല്ലെങ്കിൽ നിർധനതയിലേക്ക് നയിക്കുന്ന എന്തെങ്കിലും പ്രവൃത്തി ചെയ്യൽ, (viii) എനിക്കോ, ഗോൾഡ് സെക്യൂരിറ്റിക്കോ എതിരെ അറ്റാച്ച്മെന്റ്, അലോസരം, നിർവ്വഹണം, അല്ലെങ്കിൽ മറ്റ് പ്രോസസ്, (ix) ബാങ്കിന്റെ മുൻകൂർ അനുമതി കൂടാതെ ഗോൾഡ് സെക്യൂരിറ്റിക്ക് മേൽ അവകാശം, ലിയൻ, അല്ലെങ്കിൽ ചുമതല സൃഷ്ടിക്കുന്ന സംഭവം അല്ലെങ്കിൽ സൃഷ്ടിക്കാനുള്ള ശ്രമം, (x) ഗോൾഡ് സെക്യൂരിറ്റിയുടെ മൂല്യം ഇടിവ്, (xi) തട്ടിപ്പ് കണ്ടെത്തൽ /സംശയിക്കൽ, ഗോൾഡ് സെക്യൂരിറ്റിയുടെ പരിശുദ്ധിയോ ഉടമസ്ഥതയോ സംബന്ധിച്ച സംശയം, അല്ലെങ്കിൽ (xii) ബാങ്കിന്റെ അഭിപ്രായത്തിൽ, ബാങ്കിന്റെ താൽപ്പര്യത്തെ അട്ടിമറിക്കുന്ന എന്തെങ്കിലും സാഹചര്യം നിലനിൽക്കുന്നത്. മേൽപ്പറഞ്ഞ കാര്യങ്ങൾ സംഭവിച്ചതുമായി ബന്ധപ്പെട്ട് തീരുമാനം എടുക്കുന്ന ഏക അധികാരി ബാങ്ക് ആയിരിക്കും, ബാങ്കിന്റെ അഭിപ്രായം/തീരുമാനം എനിക്ക് ബാധ്യസ്ഥമായിരിക്കും. ലോണിന്റെയും അതിന് കീഴിലെ കുടിശികയുടെയും തിരിച്ചടവിന് ബാങ്ക് അതിന്റെ വിവേചനാധികാരത്തിൽ ഗ്രേസ് പിരീഡ് (ഉണ്ടെങ്കിൽ) അനുവദിച്ചാലും ഇല്ലെങ്കിലും, ഇൻകം റെക്കഗ്നിഷൻ, അസ്സെറ്റ് ക്ലാസ്സിഫിക്കേഷൻ, അഡ്വാൻസുകളുടെ കാര്യത്തിൽ ലഭ്യമാക്കൽ എന്നിവ സംബന്ധിച്ച RBI യുടെ മാർഗ്ഗനിർദ്ദേശങ്ങളുടെ ഉദ്ദേശ്യത്തിന് (സാങ്ഷൻ ലെറ്റർ അഥവാ ്ത്തരം കമ്യൂണിക്കേഷൻ മുഖേന എന്നെ അറിയിച്ച പ്രകാരമുള്ള) കൃത്യ തീയതി/ റീപേമെന്റ് തീയതി മാത്രമാണ് പരിഗണിക്കുക എന്ന് എനിക്ക് അറിയാം. സ്പെഷ്യൽ മെൻഷൻ അക്കൗണ്ട് ("SMA") കാറ്റഗറികളായുള്ള ലോണിന്റെ ക്ലാസ്സിഫിക്കേഷനുള്ള അടിസ്ഥാനം താഴെപ്പറയുന്ന പ്രകാരം (അതാത് കാലത്ത് RBI പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി) ആയിരിക്കുമെന്നും എനിക്ക് അറിയാം::

| SMA സബ്-കാറ്റഗറികൾ | ക്ലാസ്സിഫിക്കേഷനുള്ള അടിസ്ഥാനം - പ്രിൻസിപ്പൽ അല്ലെങ്കിൽ പലിശ അല്ലെങ്കിൽ മുഴുവനോ ഭാഗികമോ ഓവർഡ്യൂ ആയ<br>മറ്റ് തുക അടയ്ക്കൽ |
|---|---|
| SMA-0 | 30 (മുപ്പത്) ദിവസം വരെ |
| SMA-1 | 30 (മുപ്പത്) ദിവസത്തിൽ കൂടുതൽ, 60 (അറുപത്) ദിവസം വരെ |
| SMA-2 | 60 (അറുപത്) ദിവസത്തിൽ കൂടുതൽ, 90 (തൊണ്ണൂറ്) ദിവസം വരെ |

നോൺ - പെർഫോമിംഗ് അസ്സെറ്റ് ("NPA") ആയി ലോണിന്റെ ക്ലാസ്സിഫിക്കേഷനുള്ള അടിസ്ഥാനം ഇപ്പറയുന്ന (അതാത് കാലത്ത് RBI പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി) പ്രകാരം ആയിരിക്കും: പലിശ/ അല്ലെങ്കിൽ പ്രിൻസിപ്പൽ തുകയുടെ ഇൻസ്റ്റോൾമെന്റ് 90 (തൊണ്ണൂറ്) ദിവസത്തിലധികം ഓവർഡ്യൂ ആണ്.[ലോൺ അക്കൗണ്ട് ഓവർഡ്യൂ ആയി അടയാളപ്പെടുത്തുന്നത്, ബാങ്ക് അത്തരം പ്രോസസുകൾ നടത്തുന്ന സമയം ഏതായിരുന്നാലും, കൃത്യ തീയതിക്ക്/ റീപേമെന്റ് തീയതിക്കുള്ള അതിന്റെ ഡേ-എൻഡ് പ്രോസസിന്റെ ഭാഗമായി (സാങ്ഷൻ ലെറ്ററിൽ, അല്ലെങ്കിൽ ബാങ്ക് നൽകിയ അത്തരം മറ്റ് അറിയിപ്പിൽ പറഞ്ഞിരിക്കുന്ന പോലെ) ബാങ്ക് ചെയ്യുന്നതാണ്.ലോൺ അക്കൗണ്ട് SMA ആയും NPA ആയും തരംതിരിക്കുന്നതും പ്രസക്തമായ തീയതിയിലെ ഡേ-എൻഡ് പ്രോസസിന്റെ ഭാഗമായാണ് ചെയ്യുക. SMA അഥവാ NPA ക്ലാസിഫിക്കേഷൻ തീയതി ഡേ-എൻഡ് പ്രോസസ് നടത്തുന്ന കലണ്ടർ തീയതി ആയിരിക്കും.]

18) 18.ഒരു ഡിഫോൾട്ട് ഇവന്റ് ഉണ്ടാകുമ്പോൾ, ബാധകമായ നിയമങ്ങൾക്ക് കീഴിലും അല്ലാതെയും ബാങ്കിന് ഉണ്ടാകാവുന്ന മറ്റെതെങ്കിലും അവകാശങ്ങളോട് മുൻവിധി ഇല്ലാതെ, ബാങ്ക്: (a) എനിക്ക് 7 (ഏഴ്) ദിവസത്തെ നോട്ടീസ് നൽകിക്കൊണ്ട്, ലോണും ആർജ്ജിത പലിശയും ചാർജ്ജുകളും ഉടൻ അടയ്ക്കേണ്ടതാണെന്ന് പ്രഖ്യാപിക്കാം,ഒപ്പം/ അല്ലെങ്കിൽ (b) പ്രൈവറ്റ് ഉടമ്പടിയിലൂടെയോ പൊതു ലേലത്തിലൂടെയോ (ഓപ്പൺ വിപണിയിലെ ലേലം ഉൾപ്പെടെ) അതല്ലെങ്കിൽ ബാങ്കിന്റെ മാർഗ്ഗനിർദ്ദേശം പ്രകാരം, എനിക്ക് 7 (ഏഴ്) പ്രവൃത്തി ദിവസത്തെ അല്ലെങ്കിൽ ബാങ്ക് ഉചിതമെന്ന് കരുതുന്ന, 1872 ലെ കോൺട്രാക്ട് ആക്ടിന്റെ സെക്ഷൻ 176 ലെ ഉദ്ദേശ്യത്തിനായി ന്യായമായ കാലയളവായി ഞാൻ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന, കാലയളവിൽ നോട്ടീസ് നൽകിയതിന് ശേഷം ഗോൾഡ് സെക്യൂരിറ്റി വിൽക്കാം. അങ്ങനെ വരവ് ചെയ്യുന്ന തുക ലോണിന് കീഴിലെ കുടിശിക തുക തികയ്ക്കാൻ അപര്യാപ്തമാണെങ്കിൽ, ബാക്കി തുക ഈടാക്കാൻ എനിക്കും/എന്റെ സ്വത്തുക്കൾക്കും എതിരെ ബാങ്കിന് നടപടി എടുക്കാവുന്നതാണ്. മറ്റ് നിയമനടപടികൾ എടുക്കുന്നതിന് മുമ്പ് ഗോൾഡ് സെക്യൂരിറ്റി വിൽക്കുന്ന പരിഹാരമാർഗ്ഗം ബാങ്ക് ആദ്യം വിനിയോഗിക്കില്ല, മറ്റ് പരിഹാരങ്ങൾക്ക് മുൻപായാലും, ഒപ്പമായാലും, തുടർന്നായാലും അത്തരം നിയമനടപടികൾ ബാങ്ക് എടുക്കാവുന്നതാണ്. പ്രതിനിധികൾ, സേവകർ, ഉദ്യോഗസ്ഥർ, ഏജന്റുമാർ, മൂന്നാം കക്ഷി/റിക്കവറി ഏജന്റുമാർ /അല്ലെങ്കിൽ ബാങ്ക് നിയമിച്ചിട്ടുള്ള മറ്റ് വ്യക്തികൾ (ഇനിമുതൽ "പ്രതിനിധി") മുഖേന ലോൺ ഡോക്യുമെന്റുകൾക്ക് കീഴിലെ ഫങ്ഷനുകൾ, അവകാശങ്ങൾ, അധികാരങ്ങൾ മുഴുവനായോ ഏതെങ്കിലുമോ ഏൽപ്പിച്ചുകൊണ്ട് എന്നിൽ നിന്നോ എന്റെ പിൻഗാമികളിൽ നിന്നോ ഞാൻ അടയ്ക്കേണ്ട എല്ലാ കുടിശികകളും മറ്റ് തുകകളും ബാങ്കിനുവേണ്ടി ശേഖരിക്കാനും സ്വീകരിക്കാനും, നോട്ടീസുകൾ അയക്കൽ, എന്നെ/ എന്റെ പിൻഗാമികളെ ബന്ധപ്പെടൽ, ക്യാഷ്/ചെക്ക്/ ഡ്രാഫ്റ്റുകൾ/മൻഡേറ്റുകൾ സ്വീകരിക്കൽ മുതലായവ, സാധുതയും പ്രാബല്യവുമുള്ള രസീതുകളും ഡിസ്ച്ചാർജ്ജുകളും നൽകൽ എന്നിവ ഉൾപ്പെടെ നിയമപരമായ എല്ലാ പ്രവർത്തനങ്ങളും, പ്രമാണങ്ങളും, അതുമായി ബന്ധപ്പെട്ട കാര്യങ്ങളും നടത്താനും നിർവ്വഹിക്കാനും, ഉള്ള അവകാശവും അധികാരവും ഉൾപ്പെടെ, ബാങ്കിന് ഈ പ്രതിവിധികൾ വിനിയോഗിക്കാവുന്നതാണ്. മേൽപ്പറഞ്ഞ ഉദ്ദേശ്യങ്ങൾക്ക് അല്ലെങ്കിൽ മറ്റേതെങ്കിലും ഉദ്ദേശ്യങ്ങൾക്ക്, ബാങ്കിന്റെ വിവേചനാധികാരത്തിൽ, എന്നെയും ലോണിനെയും സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും പ്രതിനിധികൾക്ക് വെളിപ്പെടുത്താൻ ബാങ്കിന് അവകാശം ഉണ്ടായിരിക്കും. മേൽപ്പറഞ്ഞവ എന്തായിരുന്നാലും ബാങ്ക് (അല്ലെങ്കിൽ ഏതെങ്കിലും തേർഡ് പാർട്ടി) ഏതെങ്കിലും തേർഡ് പാർട്ടികളെ (എന്റെ കുടുംബാംഗങ്ങൾ ഉൾപ്പെടെ) ബന്ധപ്പെടുകയും എന്നെയും ലോണിനെയും സംബന്ധിക്കുന്ന അത്യാവശ്യമോ പ്രസക്തമോ ആയ എല്ലാ വിവരങ്ങളും വെളിപ്പെടുത്താവുന്നതുമാണ്. ബാങ്കിന്റെ ഈ അവകാശത്തോട് ഏത് സമയത്തും വിയോജിക്കാനുള്ള അവകാശം എനിക്കുണ്ടെന്നും, ഇക്കാര്യത്തിൽ മുൻകൂറായി രേഖാമൂലം ബാങ്കിന് അഭ്യർത്ഥന നൽകിയാൽ ആ അഭ്യർത്ഥന ബാങ്ക് പരിഗണിക്കുമെന്നും എനിക്ക് അറിയാം.

19) ഞാൻ ബാങ്കിന് അടയ്ക്കാനുള്ള കുടുശിക മുഴുവനും അടച്ച് 30 (മുപ്പത്) ദിവസത്തിനുള്ളിൽ ഗോൾഡ് സെക്യൂരിറ്റി ബാങ്ക് ഞാൻ ലോൺ എടുത്ത ബ്രാഞ്ചിൽ നിന്ന് വിട്ടുതരുമെന്നും, അത് വാങ്ങേണ്ടത് എന്റെ ഉത്തരവാദിത്തമാണെന്നും, അല്ലെങ്കിൽ ബാങ്ക് നിശ്ചയിക്കുന്ന ചാർജ്ജുകൾ

ഞാൻ അടയ്ക്കേണ്ടതാണെന്നും എനിക്കറിയാം. ലോൺ ക്ലോസ് ചെയ്തതിന് ശേഷവും ഗോൾഡ് സെക്യൂരിറ്റി തിരികെ വാങ്ങുന്നതിൽ എന്റെ ഭാഗത്തുണ്ടായ കാലതാമസത്തിനും/ അല്ലെങ്കിൽ എനിക്കുണ്ടായ നഷ്ടത്തിനും, ഗോൾഡ് സെക്യൂരിറ്റി ബാങ്കിന്റെ പക്കൽ തുടരുന്നതിനാൽ എനിക്ക് കീഴിലുള്ള ആരെങ്കിലും അവകാശവാദം ഉന്നയിക്കുന്നതിനും ഞാൻ ബാങ്കിനെ ബാധ്യസ്ഥമാക്കില്ല. ലോൺ ക്ലോസ് ചെയ്തു കഴിഞ്ഞാൽ ഗോൾഡ് സെക്യൂരിറ്റി ബാങ്ക് എനിക്കോ, എനിക്ക് മരണം സംഭവിച്ചാൽ എന്റെ നിയമാനുസൃത പിൻഗാമികൾക്കോ/ ഞാൻ നിയമിച്ച നോമിനിക്കോ കൈമാറുന്നതാണ്.

20) ബാധകമായ നിയമത്തിന് കീഴിലോ അല്ലാതെയോ ബാങ്കിന് ലഭിക്കുന്ന പൊതുവെയുള്ള ലിയെൻ, സെറ്റ് ഓഫിനുള്ള അവകാശം അല്ലെങ്കിൽ സമാന അവകാശങ്ങൾ എന്നിവക്ക് പുറമെ, ബാങ്കിന് എപ്പോൾ വേണമെങ്കിലും, എനിക്ക് നോട്ടീസ് നൽകാതെ, എന്റെ ഡിപ്പോസിറ്റ് അക്കൗണ്ടുകൾ എല്ലാമോ ഏതെങ്കിലുമോ സംയോജിപ്പിക്കുകയോ ഏകീകരിക്കുകയോ ചെയ്യാം, ലോണിന് കീഴിലോ അല്ലാതെയോ, യഥാർത്ഥമോ അടിയന്തരമോ, പ്രൈമറിയോ കൊലാറ്ററലോ, സംയുക്തമായോ വെവ്വേറെയോ ആയി എനിക്ക് ബാങ്കിനോടുള്ള ഏതെങ്കിലും ബാധ്യത നിറവേറ്റുന്നതിന് തുകയോ തുകകളോ സെറ്റ്-ഓഫ് ചെയ്യുകയോ, ട്രാൻസ്ഫർ ചെയ്യുകയോ ചെയ്യാം. എനിക്ക് ബാങ്കിലുള്ള മറ്റേതെങ്കിലും ലോണുമായി ബന്ധപ്പെട്ടുള്ള ബാക്കിയുടെ അല്ലെങ്കിൽ കുടിശികയുടെ കാര്യത്തിൽ ഗോൾഡ് സെക്യൂരിറ്റിയിലുള്ള ലിയെൻ ബാങ്കിന് വിനിയോഗിക്കാവുന്നതാണ്.

21) കളക്ഷൻ, ഉപയോഗം, പ്രോസസ്സിംഗ് എന്നിവയുമായി ബന്ധപ്പെട്ട് എന്റെ വ്യക്തിഗത ഡാറ്റക്ക് മേൽ എനിക്ക് ചില അവകാശങ്ങൾ ഉണ്ടെന്ന് ഞാൻ മനസ്സിലാക്കുന്നു. സ്ഥിരീകരണം, ആക്സസ്, തിരുത്തൽ, മായിച്ചുകളയൽ, വെളിപ്പെടുത്തലിലെ എതിർപ്പ്, വ്യക്തിഗത ഡാറ്റയുടെ പോർട്ടബിലിറ്റി എന്നിവയുമായി ബന്ധപ്പെട്ടതാണ് ഈ അവകാശങ്ങൾ, പ്രസക്തമായ ഡാറ്റ പ്രൈവസി നിയമങ്ങളുടെ വ്യവസ്ഥകൾക്ക് അനുസൃതമായി ആവിഷ്ക്കരിച്ച ബാങ്കിന്റെ ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങളിൽ പറഞ്ഞിട്ടുള്ള രീതിയിലാണ് ഈ അവകാശങ്ങൾ എനിക്ക് ലഭിക്കുന്നത്. ബാങ്കിന്റെ പ്രസക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഞാൻ വായിച്ചു (അല്ലെങ്കിൽ എനിക്ക് വിവരിച്ചു തന്നു), അതിലെ ഉള്ളടക്കങ്ങൾ എനിക്ക് മനസ്സിലായി. എനിക്ക് ആവശ്യമുണ്ടെങ്കിൽ ബാങ്കിൽ നിന്ന് എനിക്കൊരു കോപ്പി ലഭിക്കുമെന്ന് എനിക്കറിയാം.എന്റെ വ്യക്തിഗത ഡാറ്റ എന്റെ സാധുതയുള്ള അനുമതിയോടെ മാത്രമാണ് ബാങ്ക് ശേഖരിക്കുകയെന്നും, ബാങ്കിന്റെ പ്രസക്തമായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് അനുസൃതമായി മാത്രമാണ് അത് ഉപയോഗിക്കുക, അല്ലെങ്കിൽ പ്രോസസ് ചെയ്യുകയെന്നും ഞാൻ മനസ്സിലാക്കുന്നു. ഞാൻ തന്നതാണെങ്കിലും അല്ലെങ്കിലും, ഞാനുമായി അല്ലെങ്കിൽ എന്റെ അക്കൗണ്ടുമായി അല്ലെങ്കിൽ അക്കൗണ്ടുമായി ബന്ധപ്പെട്ട ഏതെങ്കിലും അഥവാ എല്ലാ വിവരങ്ങളും, പേഴ്സണൽ സെൻസിറ്റീവ് ഡാറ്റ/ വിവരങ്ങൾ/ അല്ലെങ്കിൽ ബാധകമായ നിയമങ്ങളുടെ/ ചട്ടങ്ങളുടെ വ്യവസ്ഥകൾക്ക് കീഴിൽ അനുമതി ആവശ്യമായതുമായ മറ്റേതെങ്കിലും വിവരങ്ങൾ സ്റ്റാറ്റ്യൂട്ടറി/റഗുലേറ്ററി സ്ഥാപനങ്ങൾ അല്ലെങ്കിൽ ഫൈനാൻഷ്യൽ സ്ഥാപനങ്ങൾ അല്ലെങ്കിൽ ക്രെഡിറ്റ് ബ്യൂറോകൾ/ഏജൻസികൾ അല്ലെങ്കിൽ ബാങ്കിന്റെ പേരന്റ്/ സബ്സിഡിയറി/അഫിലിയേറ്റ്/അസോസിയേറ്റ് എന്നിവക്ക്, അല്ലെങ്കിൽ അത് ഏർപ്പെടുത്തിയിരിക്കുന്ന മറ്റേതെങ്കിലും തേർഡ് പാർട്ടികൾക്ക് അല്ലെങ്കിൽ അതിന് ബിസിനസ് ബന്ധം ഉള്ളവർക്ക്, നിയമപരമായി, അതാവശ്യപ്പെടുന്ന ചട്ടങ്ങൾക്ക് അഥവാ റഗുലേഷനുകൾക്ക് അനുസൃതമായി ആവശ്യമുള്ള/ അനുവദിക്കുന്ന വിധത്തിൽ വിനിമയം ചെയ്യാൻ, ഷെയർ ചെയ്യാൻ, വെളിപ്പെടുത്താൻ, അഥവാ പങ്കിടാൻ ഞാൻ/ഞങ്ങൾ ബാങ്കിനെ അധികാരപ്പെടുത്തുന്നു, അത്തരം വിവരങ്ങൾ ഉപയോഗിക്കുന്നതിന്/ഷെയർ ചെയ്യുന്നതിന് ബാങ്കിനെ അല്ലെങ്കിൽ അതിന്റെ ഏജന്റുമാരെ/പ്രതിനിധികളെ ഞാൻ ബാധ്യസ്ഥരാക്കുന്നതല്ല. ഞാൻ ബാങ്കിൽ നിന്നെടുത്ത വായ്പ്പാ/ സാമ്പത്തിക സഹായത്തിന്റെ കാര്യത്തിൽ, അതാത് കാലത്ത് ഭേദഗതി വരുത്തിയതും പ്രാബല്യത്തിലുള്ളതും, വ്യക്തമാക്കുന്നതുമായ സംഹിതക്ക് കീഴിൽ ആവിഷ്ക്കരിച്ച പ്രസക്തമായ ചട്ടങ്ങളുമായി/നിയമങ്ങളുമായി ചേർത്ത് വായിക്കുന്ന ഇൻസോൾവൻസി ആന്റ് ബാങ്ക്റപ്റ്റ്സി കോഡ്, 2016 **(കോഡ്)** ന്റെ സെക്ഷൻ 3 (13) ൽ നിർവ്വചിച്ച പ്രകാരം 'സാമ്പത്തിക വിവരങ്ങൾ' കോഡിന് കീഴിൽ ആവിഷ്ക്കരിച്ച പ്രസക്തമായ റഗുലേഷനുകൾക്കും, അതാത് കാലത്ത് ബാങ്കുകൾക്ക് RBI പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി കോഡിന്റെ സെക്ഷൻ 3 (21) ൽ നിർവ്വചിച്ചിരിക്കുന്ന പ്രകാരം ഒരു 'ഇൻഫർമേഷൻ യൂട്ടിലിറ്റി' **('IU')** ക്ക് വെളിപ്പെടുത്താൻ/ സമർപ്പിക്കാൻ ഞാൻ ബാങ്കിന് പ്രത്യേകം അനുമതി നൽകുന്നു, ബന്ധപ്പെട്ട 'IU' ആവശ്യപ്പെടുമ്പോൾ ബാങ്ക് സമർപ്പിക്കുന്ന സാമ്പത്തിക വിവരങ്ങൾ യഥായോഗ്യം ആധികാരികമാക്കാൻ ഞാൻ ഇതിനാൽ പ്രത്യേകം സമ്മതിക്കുന്നു.

22) ലോൺ ഡോക്യുമെന്റുകൾക്ക് കീഴിലെ എന്റെ അവകാശങ്ങൾ/ അല്ലെങ്കിൽ ബാധ്യതകൾ ആർക്കെങ്കിലും ട്രാൻസ്ഫർ/അസൈൻ ചെയ്യാൻ എനിക്ക് അവകാശമില്ലെന്ന് എനിക്ക് അറിയാം. എന്നാൽ, ബാങ്കിന് അതിന്റെ വിവേചനാധികാരത്തിൽ, എനിക്ക് നോട്ടീസ് നൽകാതെ, ലോണിന് കീഴിലുള്ള കുടിശികയുടെയോ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെയോ കാര്യത്തിൽ അതിന്റെ അവകാശങ്ങൾ/ അല്ലെങ്കിൽ ബാധ്യതകൾ അതിന്റെ വിവേചനാധികാരത്തിൽ, എനിക്ക് നോട്ടീസ് നൽകാതെ, ലോണിന് കീഴിലെ കുടിശിക ("പങ്കാളിത്തം") മുഴുവനായോ അതിന്റെ ഭാഗമോ, ഞാൻ വായിച്ച് മനസ്സിലാക്കിയിട്ടുള്ള 1988 ലെ ഇന്റർ ബാങ്ക് പാർട്ടിസിപ്പേഷനെ നിയന്ത്രിക്കുന്ന യൂണിഫോം കോഡിന്റെ അല്ലെങ്കിൽ അതിന്റെ ഭേദഗതികളുടെ (കോപ്പി അഭ്യർത്ഥിച്ചാൽ ബാങ്കിൽ നിന്ന് ലഭിക്കും) വ്യവസ്ഥകൾക്ക് കീഴിൽ ഒന്നോ അതിൽ കൂടുതലോ ഷെഡ്യൂൾഡ് കൊമേർഷ്യൽ ബാങ്കുകൾക്ക് ("പങ്കാളിത്ത ബാങ്കുകൾക്ക്") ട്രാൻസ്ഫർ/അസൈൻ ചെയ്യാവുന്നതാണ്. ഈ പങ്കാളിത്തം യാതൊരു വിധത്തിലും ലോണിന്റെ കാര്യത്തിൽ എനിക്കോ ബാങ്കിനോ ഉള്ള അവകാശങ്ങളെയും ബാധ്യതകളെയും ബാധിക്കുന്നതല്ല. അത്തരം പങ്കാളിത്ത ബാങ്കുകളുമായുള്ള കോൺട്രാക്ടിൽ ഭാഗഭാഗിത്തം ഞാൻ ക്ലെയിം ചെയ്യില്ല, അത്തരം അസൈൻമെന്റ് എന്തായിരുന്നാലും ഞാൻ തുടർന്നും T&C ക്ക് ബാധ്യസ്ഥമായിരിക്കും, അസൈൻമെന്റ് പ്രാബല്യത്തിലാകുമ്പോൾ ലോണിൽ അസൈനി താൽപ്പര്യം എടുക്കുന്നതാണെന്ന് ഞാൻ സമ്മതിക്കുകയും ചെയ്യുന്നു.

23) .ഇതിലോ, ഞാൻ നൽകിയ മറ്റേതെങ്കിലും ഡോക്യുമെന്റുകളിലോ,നിർദ്ദേശങ്ങളിലോ അടങ്ങിയിരിക്കുന്നത് എന്തായിരുന്നാലും ലോണിന്റെ തിരിച്ചടവിനായി ബാങ്ക് കൈവരിച്ച/സ്വീകരിച്ച/വീണ്ടെടുത്ത തുക, ബാങ്കിന് അതിന്റെ പൂർണ വിവേചനാധികാരത്തിൽ ഉചിതമെന്ന് കരുതുന്ന വിധത്തിൽ ഞാൻ അടയ്കാകനുള്ള കുടിശിക തുകയിലേക്ക് വകകൊള്ളിക്കാവുന്നതാണ്.

24) ലോൺ അല്ലെങ്കിൽ മറ്റേതെങ്കിലും പ്രസക്തമായ ഡോക്യുമെന്റുകൾ അല്ലെങ്കിൽ കക്ഷികളുടെ അവകാശങ്ങൾ, കടമകൾ, ബാധ്യതകൾ എന്നിവയുമായി ബന്ധപ്പെട്ട് /അല്ലെങ്കിൽ ഉളവാകുന്ന എല്ലാ തർക്കങ്ങളും ലോൺ അക്കൗണ്ട് നിലനിർത്തിയിരിക്കുന്ന ബാങ്കിന്റെ ബ്രാഞ്ചുള്ള നഗരത്തിലെ/സ്ഥലത്തെ കോടതിയുടെ/ട്രൈബ്യൂണലിന്റെ അധികാരപരിധിക്ക് വിധേയമായിരിക്കും എന്നും, അതനുസരിച്ച് എന്തെങ്കിലും നിയമനടപടിയോ വ്യവഹാരമോ നടപടികളോ ബന്ധപ്പെട്ട നിയമാധികാരമുള്ള കോടതിയുടെ/ട്രൈബ്യൂണലിന്റെ മുമ്പാകെ വരാവുന്നതാണെന്നും ഞാൻ പ്രകടമായും സമ്മതിക്കുന്നു. എന്നിരുന്നാലും, മറ്റൊരു സ്ഥലത്ത് നിയമാധികാരമുള്ള മറ്റേതൊരു കോടതിയിലും അത് നടത്താൻ ബാങ്കിന് അധികാരം ഉണ്ടായിരിക്കും, ആ കോടതികളുടെ/ ട്രൈബ്യൂണലുകളുടെ നിയമാധികാരത്തിന് ഞാൻ നിരുപാധികമായി വിധേയപ്പെടുകയും അംഗീകരിക്കുകയും ചെയ്യുന്നു. എല്ലാ ലോൺ ഡോക്യുമെന്റുകളും T&C യും നിയന്ത്രിക്കപ്പെടുന്നതും കണക്കിലെടുക്കുന്നതും ഇന്ത്യൻ നിയമങ്ങൾക്ക് അനുസൃതമായാണെന്ന് ഞാൻ സമ്മതിക്കുകയും അംഗീകരിക്കുകയും ചെയ്യുന്നു.

25) നോട്ടീസ്, അഭ്യർത്ഥന, കമ്യൂണിക്കേഷൻ എഴുതി തയ്യാറാക്കി, ബാങ്കിന്റെ ബന്ധപ്പെട്ട ബ്രാഞ്ചിലേക്ക് അയക്കുന്നതാണ്. ബാങ്ക് എനിക്ക് അയക്കുന്ന നോട്ടീസ്/അഭ്യർത്ഥന/ കമ്യൂണിക്കേഷൻ (ഉണ്ടെങ്കിൽ) ഉചിതവും അനുയോജ്യവുമെന്ന് ബാങ്ക് കരുതുന്ന രീതിയിൽ അയക്കാവുന്നതാണ്, അത് ഞാൻ സ്വീകരിച്ചതായി കണക്കാക്കപ്പെടുകയും ചെയ്യും: (i) തപാലിൽ അയച്ചാൽ, അത് പോസ്റ്റ് ഓഫീസിൽ എത്തിച്ച ശേഷം 2 (രണ്ട്) ദിവസം കഴിയുമ്പോൾ, (ii) നേരിട്ട് നൽകിയാൽ, എന്റെ അഡ്രസിൽ എത്തിക്കുകയും, അത്തരം നോട്ടീസ് അഥവാ കമ്യൂണിക്കേഷൻ നൽകിയെന്ന് അതയച്ച ബാങ്കിന്റെ ഓഫീസർ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുമ്പോൾ അത് അന്തിമവും പൂർണവും എനിക്ക് ബാധ്യസ്ഥവും ആയിരിക്കുന്നതാണ്.

26) സമർപ്പിച്ച വിവരങ്ങളിൽ മാറ്റം വന്നാൽ, ആ മാറ്റം വരുത്തി 2 (രണ്ട്) ആഴ്ച്ചക്കുള്ളിൽ ഉപോൽബലകമായ തെളിവ് സഹിതം രേഖാമൂലം ബാങ്കിനെ അറിയിക്കാനുള്ള ഉത്തരവാദിത്തം ഞാൻ ഏറ്റെടുക്കുന്നു. അതുവരെ, അക്കൗണ്ടുമായി ബന്ധപ്പെട്ട് അതിന്റെ ഡൊമെയ്നിൽ ലഭ്യമായ വിവരങ്ങൾ അംഗീകരിക്കാൻ ബാങ്കിന് അധികാരമുണ്ട്.

27) ഞാൻ സമ്മതിക്കുന്നു, അതായത്: (i) മോഷണം/തീപിടത്തം/പ്രകൃതി ദുരന്തം/അപ്രതീക്ഷിത സംഭവം/ദൈവിക ടപടി/സർക്കാർ ചുമത്തിയ നിയന്ത്രണങ്ങൾ/ ബാങ്കിന്റെ നിയന്ത്രണത്തിന് അപ്പുറമുള്ള അവിചാരിത സാഹചര്യങ്ങൾ മൂലം ഗോൾഡ് സെക്യൂരിറ്റിക്ക് നഷ്ടമോ തകരാറോ സംഭവിച്ചാൽ, ഇൻഷുററിൽ നിന്ന് ലഭിക്കുന്ന ഇൻഷുറൻസ് ക്ലെയിമിന്റെ ആനുപാതിക തുകയുടെ പേമെന്റിനുള്ള ബാങ്കിന്റെ ബാധ്യത പരിമിതമായിരിക്കും, ഈ നിബന്ധന വ്യവസ്ഥകളും മറ്റ് ലോൺ ഡോക്യുമെന്റുകളും അംഗീകരിക്കുക, ഡെലിവർ ചെയ്യുക, പെർഫോമൻസ് അല്ലെങ്കിൽ പ്രയോഗം എന്നിവയുമായി ബന്ധപ്പെട്ട് ഞാൻ ഇപ്പോഴും ഭാവിയിലും അടയ്ക്കേണ്ടതായ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, സമാന നികുതികൾ, അല്ലെങ്കിൽ ചാർജ്ജുകൾ വഹിക്കുകയും അടയ്ക്കുകയും ചെയ്യും, സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ, സമാന നികുതികൾ, അല്ലെങ്കിൽ ചാർജ്ജുകൾ അടയ്ക്കുന്നതിൽ കാലതാമസമോ മുടക്കമോ ഉണ്ടായാൽ അതുമായി ബന്ധപ്പെട്ടോ, അതിൽ നിന്ന് ഉളവാകുന്നതോ ആയ എല്ലാവിധ നഷ്ടം, ചെലവ്, ചാർജ്ജുകൾ, ചെലവിടൽ, ബാധ്യതകൾ എന്നിവക്കെതിരെ എപ്പോഴും ബാങ്കിനെ ബാധ്യതാമുക്തം ആക്കുകയും ചെയ്യും.

28) **DND/NDNC/NCPR അനുമതി:** മൊബൈൽ നമ്പറും ഇ-മെയിൽ ID യും ഷെയർ ചെയ്യുമ്പോൾ (മൊബൈൽ നമ്പറിലും ഇ-മെയിൽ ID യിലും മാറ്റം ഉണ്ടെങ്കിൽ ബാങ്കിനെ അറിയിക്കുമ്പോൾ) നൽകിയിരിക്കുന്ന മൊബൈൽ നമ്പറും ഇ-മെയിൽ ID യും എന്റെ പ്രത്യേക ഉപയോഗത്തിലും ഡൊമെയ്നിലും ആണെന്നും, അവ മറ്റാരുടെയും അല്ലെന്നും മറ്റാരും ഉപയോഗിക്കുന്നില്ലെന്നും ഞാൻ സാക്ഷ്യപ്പെടുത്തുന്നു, ഉറപ്പ് തരുന്നു, പ്രസ്താവിക്കുന്നു. മാത്രമല്ല, പ്രമോഷണൽ അഥവാ വിവരങ്ങൾ നൽകുന്ന അഥവാ മാർക്കറ്റിംഗ് കാര്യങ്ങൾക്ക്, നൽകിയിട്ടുള്ള മൊബൈൽ നമ്പറിലും ഇ-മെയിൽ ID യിലും ബാങ്ക്, അതിന്റെ ഏജന്റുമാർ, അംഗീകൃത പ്രതിനിധികൾ, അഫിലിയേറ്റുകൾ എന്നിവയിൽ നിന്ന് വാട്ട്സാപ്പ് പ്ലാറ്റ്ഫോം, ടെലിഫോൺ കോൾ (മുൻകൂട്ടി റിക്കോർഡ് ചെയ്തത്/ അല്ലെങ്കിൽ കൃത്രിമ വോയിസ്/ അല്ലെങ്കിൽ ഓട്ടോ-ഡയൽഡ്/അല്ലെങ്കിൽ വോയിസ്-ഓവർ-IP സർവ്വീസ്) മുഖേന ഉൾപ്പെടെ SMS, ഇൻസ്റ്റന്റ് മെസ്സേജിംഗ്, മറ്റ് ആശയവിനിമയ രീതികൾ എന്നിവയിലൂടെ ആശയവിനിമയങ്ങൾ സ്വീകരിക്കാൻ ഞാൻ സമ്മതിക്കുന്നു. എനിക്കായി സ്വീകർത്താവ് എന്ന നിലയിൽ ഉദ്ദേശിച്ചുള്ള മെസ്സേജുകളും കോളുകളും അതാത് മൊബൈൽ നമ്പറുകളിലും ഇ-മെയിൽ ID കളിലും സ്വീകരിക്കാൻ എനിക്ക് അനുമതി ഉണ്ടെന്ന് ഞാൻ വ്യക്തമാക്കുന്നു. NDNC/NCPR ൽ എന്റെ കോണ്ടാക്ട് നമ്പർ ഡീ-രജിസ്റ്റർ ചെയ്യാനും, എന്റെ കോണ്ടാക്ട് നമ്പറിന്റെ DND സ്റ്റാറ്റസ് ഡീആക്ടിവേറ്റ്/ ഡീ-രജിസ്റ്റർ ചെയ്യുന്നതിനും ഞാൻ അനുമതി നൽകുന്നു. DND/NDNC/NCPR ഡീ-രജിസ്റ്റർ ചെയ്ത ശേഷം അഭ്യർത്ഥന ശരിയാണോയെന്ന് വെരിഫൈ ചെയ്യാൻ എനിക്ക് ഒരു കോൾ ലഭിക്കുമെന്ന് എനിക്ക് അറിയാം. ബാങ്ക് NDNC/NCPR സ്റ്റാറ്റസ് ഡീആക്ടിവേറ്റ്/ഡീ-രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ എന്റെ വിവേചനാധികാരത്തിൽ എപ്പോൾ വേണമെങ്കിലും DND/NDNC ക്ക് റീ-രജിസ്റ്റർ ചെയ്യാനുള്ള അവകാശവും ഓപ്ഷനും എനിക്ക് ഉണ്ടെന്നും എനിക്ക് അറിയാം. ടെലിഫോൺ/മൊബൈൽ/SMS/ഇ-മെയിൽ മുഖേന ട്രാൻസാക്ഷൻ, പ്രമോഷണൽ, സർവ്വീസ് സംബന്ധമായ കോളുകൾക്കോ മെസ്സേജുകൾക്കോ എന്നെ ബന്ധപ്പെടുന്നതിന് ഞാൻ ബാങ്കിനെയും അതിന്റെ ഏജന്റുമാരെയും അംഗീകൃത പ്രതിനിധികളെയും അഫിലിയേറ്റുകളെയും അധികാരപ്പെടുത്തുന്നു.

29) **ക്രെഡിറ്റ് ബ്യൂറോ പരിശോധനക്ക് അനുമതി:** (a) എന്റെ സാമ്പത്തിക അച്ചടക്കം വിശകലനം ചെയ്യാൻ, RBI യുടെ/ ബാങ്കിന്റെ മാർഗ്ഗനിർദേശം അനുസരിച്ച് ആവശ്യമായ നടപടി എടുക്കാൻ, (b) എനിക്ക് കൂടുതൽ/ അധിക ലോൺ അനുവദിക്കുന്നത് പരിഗണിക്കാൻ ബാങ്കിനെ പ്രാപ്തമാക്കുന്നതിന്, (c) ബാങ്ക് നിർണയിക്കുന്ന പ്രകാരമുള്ള നിബന്ധന, വ്യവസ്ഥകളിൽ നിലവിലെ ലോൺ കുറയ്ക്കാൻ /കൂട്ടാൻ/റോളോവർ ചെയ്യാൻ/ പരിഷ്ക്കരിക്കാൻ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനികളുടെ അല്ലെങ്കിൽ അത്തരം മറ്റ് റിപ്പോസിറ്ററികളുടെ ഡാറ്റാബേസ് എത്ര തവണ വേണമെങ്കിലും ആക്സസ് ചെയ്യാൻ ഞാൻ പ്രത്യേകം അനുമതി നൽകുന്നു. എന്റെ/ ഞങ്ങളുടെ ക്രെഡിറ്റ് ഇൻഫർമേഷൻ എടുക്കുന്നതിന് CIC കളുടെ അല്ലെങ്കിൽ അത്തരം മറ്റ് റിപ്പോസിറ്ററികളുടെ ഡാറ്റാബേസ് ആക്സസ് ചെയ്യുന്നുണ്ടെങ്കിൽ, ഞാൻ ബാങ്കിനോ അതിന്റെ ഉദ്യോഗസ്ഥർക്കോ എതിരെ ഒരിക്കലും എതിർപ്പോ തർക്കമോ ക്ലെയിമോ ഉന്നയിക്കുന്നതല്ല.

30) **ഗോൾഡ് വെരിഫിക്കേഷന്/ടെസ്റ്റിംഗിന് അനുമതി:** അപേക്ഷിച്ച ലോണിനായുള്ള എന്റെ യോഗ്യത വിശകലനം ചെയ്യുന്ന പ്രോസസിൽ, ബാങ്ക് ഞാൻ സമർപ്പിച്ച സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധിയും നിലവാരവും നിർണയിക്കുന്നതിനായി ടെസ്റ്റ്/ വെരിഫൈ ചെയ്യുമെന്ന് എനിക്ക് അറിയാം, അത് അംഗീകരിക്കുകയും ചെയ്യുന്നു. ബാങ്കിന് ഉചിതമെന്ന് കരുതുന്ന ഒന്നോ അതിൽ കൂടുതലോ അംഗീകൃത ഗോൾഡ് ടെസ്റ്റിംഗ്/ വെരിഫിക്കേഷൻ രീതികൾ സ്വീകരിച്ചുകൊണ്ട്, ഞാൻ ബാങ്കിന് സമർപ്പിച്ച സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധിയും നിലവാരവും വെവ്വേറെ ടെസ്റ്റ്/ വെരിഫൈ ചെയ്യാൻ ബാങ്കിന് ഞാൻ വ്യക്തമായി അനുമതി നൽകുന്നു. സ്വർണ്ണാഭരണങ്ങളുടെ പരിശുദ്ധിയുടെയും/ അല്ലെങ്കിൽ നിലവാരത്തിന്റെയും വെരിഫിക്കേഷന്/ റീ-വെരിഫിക്കേഷന് അല്ലെങ്കിൽ സ്ഥിരീകരണത്തിന്/വീണ്ടും സ്ഥിരീകരണത്തിന്, അതുപോലെ ഓഡിറ്റ് ഉദ്ദേശ്യത്തിനും വേണ്ടി, ഞാൻ ഡിപ്പോസിറ്റ് ചെയ്ത സ്വർണ്ണാഭരണങ്ങളുടെ മുദ്രവെച്ച പായ്ക്കറ്റ് തുറക്കാൻ ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. ബാങ്ക് നടത്തുന്ന ടെസ്റ്റിംഗ്/ വെരിഫിക്കേഷന്റെ കാര്യത്തിൽ, അല്ലെങ്കിൽ അതുമൂലം സംഭവിച്ച കേടുപാടുകൾ/ നിറമാറ്റത്തിന്റെ (ഉണ്ടെങ്കിൽ) കാര്യത്തിൽ ബാങ്കിനോ അതിന്റെ ഉദ്യോഗസ്ഥർക്കോ എതിരെ ഞാൻ ഒരിക്കലും എതിർപ്പ് അല്ലെങ്കിൽ തർക്കം അല്ലെങ്കിൽ ക്ലെയിം ഉന്നയിക്കുന്നതല്ല.

31) **സെൻട്രൽ KYC:** ഇവിടെ സെൻട്രൽ KYC രജിസ്ട്രിയിൽ നൽകിയിട്ടുള്ള വിശദാംശങ്ങൾ അപ്ലോഡ് ചെയ്യാൻ ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു.ഞാൻ സമർപ്പിച്ചിട്ടുള്ള KYC നമ്പറിന്റെ അടിസ്ഥാനത്തിൽ സെൻട്രൽ KYC രജിസ്ട്രിയിൽ നിന്ന് എന്റെ KYC വിശദാംശങ്ങൾ ഡൗൺലോഡ് ചെയ്യാനും ഞാൻ ബാങ്കിനെ അധികാരപ്പെടുത്തുന്നു. ഇവിടെ പരാമർശിച്ചിട്ടുള്ള മൊബൈൽ നമ്പറിൽ/ഇ-മെയിൽ ID യിൽ SMS/ഇ-മെയിൽ മുഖേന സെൻട്രൽ KYC രജിസ്ട്രിയിൽ നിന്ന് വിവരങ്ങൾ സ്വീകരിക്കാൻ ഞാൻ അനുമതി നൽകുന്നു. .

| | |
|---|---|
| ○ | ഇവിടെ തന്നിരിക്കുന്ന ഓരോരോ വിവരങ്ങളും എല്ലാ കാര്യത്തിലും സത്യവും സമ്പൂർണവുമാണ്, ഓരോ വിവരത്തിന്റെയും വസ്തുനിഷ്ഠത ഞാൻ സ്ഥിരീകരിക്കുന്നു. ബാങ്ക് ആവശ്യപ്പെട്ടാൽ, അത്യാവശ്യമെന്ന് ബാങ്ക് കരുതുന്ന കൂടുതൽ ഡോക്യുമെന്റുകൾ, വിവരങ്ങൾ, കാര്യങ്ങൾ, വസ്തുതകൾ ഞാൻ സമർപ്പിക്കും. എന്റെ/ ഞങ്ങളുടെ ഭാഗത്തെ അവഗണന/അബദ്ധത്തിന്റെ, അല്ലെങ്കിൽ ബാധകമായ നിയമങ്ങളും ചട്ടങ്ങളും/ അല്ലെങ്കിൽ നിബന്ധന, വ്യവസ്ഥകളും പാലിക്കാത്തതിന്റെ അനന്തരഫലമായി, അതല്ലെങ്കിൽ ഞാനുമായി ബന്ധപ്പെട്ട് തെറ്റായ അല്ലെങ്കിൽ അപൂർണ്ണമായ വിവരങ്ങൾ ബാങ്കിന് നൽകിയ കാരണത്താൽ, ബാങ്കിന് ഏത് സമയത്തും വരാവുന്ന നടപടികൾ, ഡിമാന്റുകൾ, നഷ്ടങ്ങൾ, ചെലവുകൾ, ചെലവിടലുകൾ എന്നിവയിൽ നിന്നും അവയ്ക്കെതിരെയും ബാങ്കിനെയും അതിന്റെ അഫിലിയേറ്റുകൾ, പിൻഗാമികൾ, അസൈനുകൾ, ഓഫീസർമാർ, ജീവനക്കാർ എന്നിവരെയും എല്ലായ്പ്പോഴും ഞാൻ ബാധ്യതാമുക്തം ആക്കുകയും, ബാധ്യതാമുക്തമായി നിലനിർത്തുന്നതുമാണ്. |
| ○ | **ആധാറിന്റെ ഉപയോഗത്തിനുള്ള അധികാരം:** ബാധകമായ നിയമങ്ങളിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് വിധേയമായി ബാങ്കുമായി നിർദ്ദേശങ്ങൾ പ്രോസസ് ചെയ്യുക, അല്ലെങ്കിൽ അപേക്ഷിച്ച ലോൺ എനിക്ക് നൽകുക/ അല്ലെങ്കിൽ ലോണുമായി ബന്ധപ്പെട്ട് അക്കൗണ്ട് തുറക്കുക/അല്ലെങ്കിൽ ലോൺ ട്രാൻസാക്ഷനുമയി ബന്ധപ്പെട്ട് ബാധകമായ ഡോക്യുമെന്റുകൾ ഞാൻ ഇലക്ട്രോണിക്കലായി ഒപ്പ് വെക്കുക എന്നീ ഉദ്ദേശ്യങ്ങൾക്കായി UIDAI മാർഗ്ഗനിർദേശങ്ങൾ പ്രകാരമോ അതാത് കാലത്ത് പ്രാബല്യത്തിലുള്ള ഏതെങ്കിലും ആക്ടിനോ നിയമത്തിനോ കീഴിലോ സ്വീകാര്യമായ രീതിയിൽ, എന്റെ ഐഡന്റിറ്റി തിട്ടപ്പെടുത്തുന്നതിന്, UIDAI യിൽ ആധാർ അടിസ്ഥാനത്തിൽ e-KYC ഒതന്റിക്കേഷൻ/ബയോമെട്രിക് ഒതന്റിക്കേഷൻ/OTP ഒതന്റിക്കേഷൻ/ഫേസ് ഒതന്റിക്കേഷൻ/ഐറിസ് ഒതന്റിക്കേഷൻ നടത്തുന്നതിന് യുണീക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യ ("UIDAI") നൽകിയിട്ടുള്ള എന്റെ ആധാർ ഡാറ്റ/ഐഡന്റിറ്റി വിവരങ്ങൾ/ആധാർ കാർഡിന്റെ ഫിസിക്കൽ കോപ്പി/ഫിസിക്കൽ ഇ-ആധാർ/മാസ്ക്ക്ഡ് ആധാർ/വെർച്ചൽ ID/ഓഫ്ലൈൻ ഇലക്ട്രോണിക് ആധാർ xml ഉപയോഗിക്കാൻ ഞാൻ സ്വമേധയാ ബാങ്കിന് അല്ലെങ്കിൽ ബാങ്കിന്റെ നടത്തിപ്പുകാർക്ക് എന്റെ അനുമതി നൽകുന്നു. എന്റെ ആധാർ ഡാറ്റ/ഐഡന്റിറ്റി വിവരങ്ങൾ/ആധാർ കാർഡിന്റെ ഫിസിക്കൽ കോപ്പി/ഫിസിക്കൽ ഇ-ആധാർ/മാസ്ക്ക്ഡ് ആധാർ/വെർച്ചൽ ID/ഓഫ്ലൈൻ ഇലക്ട്രോണിക് ആധാർ xml നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ബിസിനസ്സിന്റെ ഉത്തമശീലങ്ങൾ അനുസരിച്ച് മാത്രമാണ് സൂക്ഷിക്കുകയെന്ന് എനിക്ക് ബോധ്യമുണ്ട്. എന്റെ ഐഡന്റിറ്റി തിട്ടപ്പെടുത്താൻ ആധാറിന്റെ ഓഫ്ലൈൻ വെരിഫിക്കേഷൻ, പാസ്പോർട്ടിന്റെ അല്ലെങ്കിൽ മറ്റ് ഔദ്യോഗിക സാധുതയുള്ള ഡോക്യുമെന്റിന്റെ ("OVD") ഉപയോഗം പോലുള്ള മറ്റ് രീതികളും ലഭ്യമാണെന്ന് എനിക്ക് അറിയാം. ഐഡന്റിറ്റി വിവരങ്ങൾ ശേഖരിക്കുന്നതിന്റെ അനുമതിയും ഉദ്ദേശ്യവും എനിക്ക് അറിയാവുന്ന പ്രാദേശിക ഭാഷയിൽ എനിക്ക് വിശദീകരിച്ചു തന്നിട്ടുണ്ട്. |

ലോണിന് ബാധകമായ നിബന്ധനകളും വ്യവസ്ഥകളും ഞാൻ വായിച്ചെന്നും, ____________________ (പ്രാദേശിക ഭാഷ) ൽ ശ്രീ/ ശ്രീമതി. ____________________ (വായിച്ചു തന്നെന്നും), അത് പൂർണമായും മനസ്സിലാക്കിയെന്നും, സ്വീകരിക്കുന്നുവെന്നും, അക്നോളജ് ചെയ്യുന്നുവെന്നും, സമ്മതിക്കുന്നുവെന്നും ഞാൻ സ്ഥിരീകരിക്കുന്നു. ലോണിന് ബാധകമായ നിബന്ധനകളും വ്യവസ്ഥകളും സംബന്ധിച്ച് എനിക്ക് മനസ്സിലാകുകയും ബോധ്യപ്പെടുകയും ചെയ്യാതെ ഈ ഡോക്യുമെന്റ് അംഗീകരിക്കാൻ/അക്നോളജ് ചെയ്യാൻ/സമമതിക്കാൻ/ ഒപ്പ് വെക്കാൻ എനിക്ക് ബാധ്യത ഇല്ലെന്ന് ബാങ്ക് ഉദ്യോഗസ്ഥൻ എന്നെ അറിയിച്ചിട്ടുണ്ട്. അതിന് ശേഷം മാത്രമാണ് ഞാൻ ഒപ്പ് വെക്കുന്നത്.

ഒപ്പ്
തീയതി:
സ്ഥലം:

*Version_January 24*